"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സഹകരണ വകുപ്പ് - കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡിൽ അസിസ്റ്റന്റ് മാനേജർ-1, ഗ്യാരന്റി ഫണ്ട് സൂപ്പർവൈസർ-1 എന്നീ പ്രൊമോഷൻ തസ്തികകൾ സൃഷ്ടിച്ചും നിലവിലുള്ള തസ്തികകൾ പുനഃക്രമീകരിച്ചും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സഹകരണ (ഡി) വകുപ്പ്**

സ.ഉ.(അച്ചടി) നം.148/2025/Co-Op തീയതി,തിരുവനന്തപുരം, 28-10-2025

പരാമർശം:-
1. 15.11.2017 ലെ ജി.ഒ.(പി) നം. 68/2017/സഹ ഉത്തരവ്.
2. 19.10.2018 ലെ സ.ഉ.(സാധാ) നം.586/ 2018/സഹ ഉത്തരവ്.
3. 06.08.2021 ലെ ജി.ഒ.(സാധാ) നം. 476/2021/സഹ ഉത്തരവ്.
4. 24.06.2024 ലെ ജി.ഒ.(പി) നം. 121/2024/സഹ ഉത്തരവ്.
5. കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ് ഭരണസമിതിയുടെ 17.07.2025 ലെ 16-ാം നമ്പർ തീരുമാനം.
6. സഹകരണ സംഘം രജിസ്ട്രാറിന്റെ 19.08.2025 ലെ ജി(1) 10093/2025 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡിൽ പരാമർശം (1), (4) എന്നിവയിലെ ഉത്തരവുകൾ പ്രകാരം റിക്രൂട്ട്മെന്റ് റൂൾസ് അംഗീകരിച്ച നൽകിയിട്ടുണ്ട്. ബോർഡിൽ മിഡിൽ ലെവൽ ഓഫീസർമാരുടെ തസ്തികകളുടെ അഭാവം ഫയലുകളുടെ വെരിഫിക്കേഷൻ, സൂപ്പർവിഷൻ, ഫണ്ടുകളുടെ കൃത്യ സമയത്തുള്ള നിക്ഷേപങ്ങൾ , പുതിയ ധന സഹായ പദ്ധതിയുടെ ജോലികൾ എന്നിവയുടെ യഥാ സമയത്തുള്ള നിർവഹണത്തിൽ വിഘാതം സൃഷ്ടിക്കുന്ന സാഹചര്യത്തിൽ ബോർഡിൽ നിലവിലുള്ള 11 തസ്തികകളോടൊപ്പം ഒരു അസിസ്റ്റന്റ് മാനേജർ തസ്തികയും, ഒരു ഗ്യാരന്റി ഫണ്ട് സൂപ്പർവൈസർ തസ്തികയും സൃഷ്ടിക്കുന്നതിനുള്ള സർക്കാർ അനുമതി ലഭ്യമാകുന്നതിനായി പരാമർശം (5) പ്രകാരം ബോർഡ് ഭരണസമിതി തീരുമാനമെടുത്ത് അപേക്ഷയും അനുബന്ധങ്ങളും പരാമർശം (6) പ്രകാരം സഹകരണ സംഘം രജിസ്ട്രാർ സർക്കാരിലേക്ക് ലഭ്യമാക്കിയിട്ടുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം (1), (3) ഉത്തരവുകളിലെ നിലവിലുള്ള തസ്തികകളോടൊപ്പം ഒരു അസിസ്റ്റന്റ് മാനേജർ തസ്തിക 45600-95600 ശമ്പള

സ്കെയിലിലും ഒരു ഗ്യാരന്റി ഫണ്ട് സൂപ്പർവൈസർ തസ്തിക 35600-75400 ശമ്പള സ്കെയിലിലും സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ആയതു പ്രകാരം നിലവിലുള്ള തസ്തികകൾ പുനഃക്രമീകരിച്ചും പരാമർശം (1) ഉത്തരവിലെ അനുബന്ധം 1 ചുവടെ ചേർക്കും പ്രകാരം പരിഷ്കരിച്ചും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അജി ഫിലിപ്പ്
അഡിഷണൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം
കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ്, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ വെബ് ആൻഡ് ന്യൂ മീഡിയ, I&PRD
ഓഫീസ് കോപ്പി/ സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Rajesh S
Date: 29-10-2025 11:00:19
സെക്ഷൻ ഓഫീസർ

പകർപ്പ്:
1. ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്

**അനുബന്ധം-1**

| ക്രമ നം. | തസ്തിക | നിയമന രീതി | വിദ്യാഭ്യാസ യോഗ്യത |
|---|---|---|---|
| 1 | സെക്രട്ടറി - ട്രഷറർ | ജോയിന്റ് രജിസ്ട്രാറുടെ റാങ്കിൽ കുറയാത്ത ഒരു സഹകരണ വകുപ്പ് ഉദ്യോഗസ്ഥനെ കേരള സർവ്വീസ് റൂൾസ് പാർട്ട് 1 ചട്ടം 144 പ്രകാരം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ | |
| 2 | മാനേജർ | സഹകരണ വകുപ്പിൽ നിന്നും അസിസ്റ്റന്റ് രജിസ്ട്രാർ തസ്തികയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ അല്ലെങ്കിൽ നേരിട്ടുള്ള നിയമനം അല്ലെങ്കിൽ കാറ്റഗറി 3-ൽ നിന്നും പ്രൊമോഷൻ | ഗ്രാജ്വേഷനും എച്ച്.ഡി.സി.യും |
| 3 | അസിസ്റ്റന്റ് മാനേജർ | കാറ്റഗറി 4-ൽ നിന്നും 5-ൽ നിന്നും പ്രൊമോഷൻ | ഗ്രാജ്വേഷനും HDC/JDC യും or B.Com (Co-op) & |

| | | | |
|---|---|---|---|
| | | നൽകിക്കൊണ്ട്. | ചുരുങ്ങിയത് 2 വർഷം സീനിയർ ക്ലാർക്ക്/സീനിയർ അക്കൗണ്ടന്റ് ആയി പരിചയം<br><br>or<br><br>ഗ്രാജ്വേഷനും HDC/JDC -യും or B.Com(Co-op) & ചുരുങ്ങിയത് 2 വർഷം ഗ്യാരന്റി ഫണ്ട് സൂപ്പർവൈസർ ആയി പരിചയം |
| 4 | സീനിയർ ക്ലാർക്ക്/ സീനിയർ അക്കൗണ്ടന്റ് | കാറ്റഗറി 6-ൽ നിന്നും 7-ൽ നിന്നും പ്രൊമോഷൻ നൽകിക്കൊണ്ട്. | ചുരുങ്ങിയത് 3 വർഷം ജൂനിയർ ക്ലാർക്ക്/ ജൂനിയർ അക്കൗണ്ടന്റ് ആയി പരിചയം<br><br>or<br><br>ചുരുങ്ങിയത് 3 വർഷം കമ്പ്യൂട്ടർ ഓപ്പറേറ്റർ ആയി പരിചയം. |
| 5 | ഗ്യാരന്റി ഫണ്ട് സൂപ്പർവൈസർ | കാറ്റഗറി 6-ൽ നിന്നും 7-ൽ നിന്നും പ്രൊമോഷൻ നൽകിക്കൊണ്ട് | ചുരുങ്ങിയത് 3 വർഷം ജൂനിയർ ക്ലാർക്ക്/ ജൂനിയർ അക്കൗണ്ടന്റ് ആയി പരിചയം<br><br>or<br><br>ചുരുങ്ങിയത് 3 വർഷം കമ്പ്യൂട്ടർ ഓപ്പറേറ്റർ ആയി പരിചയം. |
| 6 | ജൂനിയർ ക്ലാർക്ക്/ജൂനിയർ അക്കൗണ്ടന്റ് | നേരിട്ടുള്ള നിയമനം | അംഗീകൃത സർവ്വകലാശാല ബിരുദവും HDC/JDC or B.Com(Co-op), കമ്പ്യൂട്ടർ പരിജ്ഞാനം അഭിലഷണീയം. |
| 7 | കമ്പ്യൂട്ടർ ഓപ്പറേറ്റർ | നേരിട്ടുള്ള നിയമനം | അംഗീകൃത സർവ്വകലാശാല ബിരുദവും ഡി.സി.എ -യും |
| 8 | അറ്റൻഡർ | കാറ്റഗറി 9-ൽ നിന്നും | |

| | | | |
|---|---|---|---|
| | | പ്രൊമോഷൻ | |
| 9 | പ്യൂൺ/നൈറ്റ് വാച്ച്മാൻ | (1)കാറ്റഗറി 11-ൽ നിന്നും പ്രൊമോഷൻ യോഗ്യരായവരില്ലെങ്കിൽ<br>(2) നേരിട്ടുള്ള നിയമനം | VII-ാം ക്ലാസ്സ് നൈറ്റ് വാച്ച്മാൻ<br>VII-ാം ക്ലാസ്സും ശാരീരിക ക്ഷമതയും |
| 10 | ഡ്രൈവർ | നേരിട്ടുള്ള നിയമനം | SSLC വരെ പഠിച്ചിരിക്കണം. മോട്ടോർ ഡ്രൈവിംഗ് ലൈസൻസ് ഉണ്ടായിരിക്കണം. 3 വർഷം പരിചയം ഡ്രൈവിംഗ് ബാഡ്ജ് |
| 11 | ഫുൾ ടൈം സ്വീപ്പർ | (1) കാറ്റഗറി 11-ൽ നിന്നും പ്രൊമോഷൻ യോഗ്യരായവരില്ലെങ്കിൽ<br>(2) നേരിട്ടുള്ള നിയമനം | VII-ാം ക്ലാസ്സ് |
| 12 | പാർട്ട് ടൈം സ്വീപ്പർ | നേരിട്ടുള്ള നിയമനം | എഴുത്തും വായനയും അറിഞ്ഞിരിക്കണം |